"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം വെള്ളയമ്പലം ആർ.സി എയ്ഡഡ് സ്കൂൾസ് മാനേജ്മെന്റിനു കീഴിലുള്ള വിവിധ സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് ഗസ്റ്റ് അധ്യാപക തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീ റോയി ഡി. സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4245/2026/GEDN തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-
1. ശ്രീ. റോയി ഡി 17.01.2026 തീയതിയിൽ സമർപ്പിച്ച ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.02.2026 ലെ HSE/3310/2026-Acd C5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വെള്ളയമ്പലം ആർ.സി എയ്ഡഡ് സ്കൂൾസ് മാനേജ്മെന്റിന്റെ കീഴിലുള്ള വിവിധ സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി - സോഷ്യൽ വർക്ക് ഗസ്റ്റ് അധ്യാപക തസ്തികയിൽ 2023-24, 2024-25, 2025-26 എന്നീ വർഷങ്ങളിൽ ദിവസ വേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച് വന്ന ശ്രീ.റോയി ഡി-യ്ക്ക് സെറ്റ് യോഗ്യത ഇല്ലാത്തതിനാൽ തിരുവനന്തപുരം വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ നടപടി ക്രമങ്ങൾ പ്രകാരം നിയമനാംഗീകാരം നിരസിച്ചുവെന്നും ആയതിനാൽ വേതനം ലഭിച്ചിട്ടില്ലെന്നും എന്നാൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.02.2016- ലെ എസിഡി.സി1/55508/2014 നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിന് സെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ സെറ്റ് യോഗ്യത ഇല്ലാത്തവരെ ഗസ്റ്റ് അധ്യാപക നിയമനത്തിന് പരിഗണിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ടെന്നും അതിനാൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടിയാന്റെ ഗസ്റ്റ് അധ്യാപക നിയമനം അംഗീകരിച്ച് നൽകാനാവശ്യമായ നടപടി കൈകൊള്ളണമെന്നും പരാമർശം (1) പ്രകാരം ഹർജിക്കാരൻ അപേക്ഷിച്ചിരുന്നു.

2. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന ഗസ്റ്റ് അധ്യാപകർക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം എന്ന 30.05.2024 തീയതിയിലെ സ.ഉ.(സാധാ) നം.3404/2024/G.Edn സർക്കാർ ഉത്തരവിൽ ഇളവ്

നൽകി സെറ്റ് യോഗ്യത ഇല്ലാത്തവരെയും ഗസ്റ്റ് നിയമനത്തിന് പരിഗണിക്കാം എന്ന ആവശ്യം അംഗീകരിക്കുവാൻ നിർവാഹമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ സർക്കാർ അറിയിച്ചിട്ടുള്ളതുമാണ്. നിശ്ചിത യോഗ്യത ഇല്ലാത്തവർ അധ്യാപനം നടത്തുന്നത് ഭാവിയിൽ അധ്യാപനത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കും എന്നതിനാലാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

3. എന്നിരുന്നാലും ഈ കേസിലെ ഹർജിക്കാരനായ ശ്രീ.റോയി ഡി. വെള്ളയമ്പലം ആർ.സി എയ്ഡഡ് സ്കൂൾസ് മാനേജ്മെന്റിന്റെ കീഴിലുള്ള വിവിധ സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി - സോഷ്യൽ വർക്ക് ഗസ്റ്റ് അധ്യാപക തസ്തികയിൽ 2023-24, 2024-25, 2025-26 എന്നീ വർഷങ്ങളിൽ ദിവസ വേതന അടിസ്ഥാനത്തിൽ സേവനം യഥാർത്ഥമായി അനുഷ്ഠിച്ചിട്ടുള്ളതാണെന്നും, എന്നാൽ മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാൽ ടിയാന് ഇതുവരെയും ശമ്പളം ലഭിച്ചിട്ടില്ല എന്നതുമായ സവിശേഷ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചു. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും ടിയാൻ യഥാർത്ഥമായി ജോലി ചെയ്ത കാലയളവ് കണക്കിലെടുത്തും, ഇതൊരു പ്രത്യേക കേസായി (Special Case) പരിഗണിച്ച് ശ്രീ. റോയി ഡി-യ്ക്ക് ജോലി ചെയ്ത കാലയളവിലെ ദിവസവേതനം അനുവദിച്ചു നൽകുവാൻ സർക്കാർ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

4. കൂടാതെ ഇനിവരുന്ന കാലയളവുകളിൽ യാതൊരു കാരണവശാലും ഇപ്രകാരം നിശ്ചിത യോഗ്യതയില്ലാത്ത ഗസ്റ്റ് അധ്യാപകരെ നിയമിക്കരുതെന്നും മാനേജ്മെന്റിന് കർശന നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീ. റോയി ഡി., എച്ച്. എസ്. എസ്. റ്റി., സോഷ്യൽ വർക്ക്, സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ, അഞ്ചുതെങ്ങ്.
മാനേജർ, സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ,- അഞ്ചുതെങ്ങ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ3/17/2026/പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Signed by Aji Kumar R
Date: 29-06-2026 13:04:38

സെക്ഷൻ ഓഫീസർ